## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2093** | **04/11/2019-ൽ മറുപടിക്ക്**

**മെഡിക്കൽ ഷോപ്പുകളിൽ ഫാർമസി ഇൻസ്പെക്ടർമാർ ആവശ്യമായ പരിശോധന നടത്താത്തത്**

**ചോദ്യം**

**ശ്രീ. എൻ. ഷംസുദ്ദീൻ**

എ) 1948-ലെ ഫാർമസി ആക്ട് പ്രകാരം മുഴുവൻ സമയ ഫാർമസിസ്റ്റ് ഇല്ലാതെ മരുന്നു വിൽപ്പന നടത്തുന്നത് കുറ്റകരമായിട്ടും സംസ്ഥാനത്തെ മെഡിക്കൽ-ഷോപ്പുകളിൽ ബന്ധപ്പെട്ടവർ ആവശ്യമായ പരിശോധന നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ലെ നിബന്ധനകൾ പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ടി നിയമത്തിൽ ഡോക്ടറുടെ കുറിപ്പടി പ്രകാരമുള്ള മരുന്നുകൾ രോഗികൾക്ക് ഡിസ്പെൻസ് ചെയ്യുന്നത് ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ മേൽനോട്ടത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയതിൻ പ്രകാരം, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ ഷോപ്പുകളിലും രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 1948-ലെ ഫാർമസി ആക്ട് മുഖ്യമായും ഫാർമസിസ്റ്റുകളുടെ രജിസ്ട്രേഷനും രജിസ്ട്രേഷൻ നിബന്ധനകൾ പ്രകാരം, ഫാർമസിസ്റ്റുകൾ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ള നിയമമാണ്. ഇപ്രകാരം ഉറപ്പ് വരുത്തുന്നത് സംസ്ഥാന ഫാർമസി കൗൺസിൽ നിയമിക്കുന്ന ഫാർമസി ഇൻസ്പെക്ടർമാരാണ്.

| | |
|---|---|
| **ബി)** ല ജില്ലകളിലും മെഡിക്കൽ ഷോപ്പുകളിൽ പരിശോധന നടത്തേണ്ട ഫാർമസി ഇൻസ്പെക്ടർമാർ ഇല്ലാത്തത് പരിശോധനകളെ ബാധിക്കുന്നുണ്ട് എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>**സി)** ഈ മേഖലയിൽ കാര്യമായ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | **ബി) യും സി) യും** 2018 കേരള ഫാർമസി ഇലക്ഷനോടനുബന്ധിച്ച് ഫാർമസി ഇൻസ്പെക്ടർമാരുടെ സേവനം നിർത്തിവച്ചിരുന്നു. പുതിയതായി ഫാർമസി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**